STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.400/PR/SPMC/PHQ/2026 Date:08.09.2026

## പത്രക്കുറിപ്പ്

## 47-ാമത് കേരള പോലീസ് സ്റ്റേറ്റ് അത്‌ലറ്റിക്സ് & ഗെയിംസ് മീറ്റ് 2026: ആവേശം വിതറി താരങ്ങൾ

### 5000 മീറ്ററിൽ സ്വർണം ഓടി നേടി ഷിബിൽ അഹമ്മദ്

തിരുവനന്തപുരം: 47-ാമത് കേരള പോലീസ് അത്‌ലറ്റിക്സ് & ഗെയിംസിലെ 5000 മീറ്റർ പുരുഷ വിഭാഗത്തിൽ എസ്.ഒ.ജി താരം ഷിബിൽ അഹമ്മദിന് സ്വർണ നേട്ടം. 17:50:00 മിനിറ്റിൽ ഫിനിഷ് ചെയ്താണ് ഷിബിൽ സ്വർണനേട്ടം കൈവരിച്ചത്.

വേഗത്തിനൊപ്പം സഹനശേഷിയും നിർണായകമായ അഞ്ച് കിലോമീറ്റർ ഓട്ടത്തിൽ ഇന്ത്യ റിസർവ് ബറ്റാലിയൻ താരം രഞ്ജിത്ത് 18:29:30 മിനിറ്റിൽ വെള്ളിയും ഇന്ത്യ റിസർവ് ബറ്റാലിയനിലെ മുഹമ്മദ് ബാസിൽ പി 18:41:70 മിനിറ്റിൽ വെങ്കലവും സ്വന്തമാക്കി.

## ട്രാക്കിൽ വനിതാ ബറ്റാലിയന്റെ ആധിപത്യം; വനിതാ 5000 മീറ്ററിൽ സ്വർണവും വെള്ളിയും ഒരേ യൂണിറ്റിന്

47-ാംമത് കേരള പോലീസ് അത്‌ലറ്റിക് ആൻഡ് ഗെയിംസിലെ വനിതാ 5000 മീറ്ററിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ സ്വന്തമാക്കി കേരള ആംഡ് വിമൻ പോലീസ് ബറ്റാലിയൻ താരങ്ങൾ ശ്രദ്ധേയ നേട്ടം കൈവരിച്ചു. ഒരേ യൂണിറ്റിൽ നിന്നുള്ള രണ്ട് താരങ്ങൾ പോഡിയത്തിലെ ആദ്യ രണ്ട് സ്ഥാനങ്ങൾ പങ്കിട്ടത് മത്സരത്തിലെ വേറിട്ട കാഴ്ചയായി.

വനിതാ ബറ്റാലിയനിലെ ശ്വേത എൻ. എം. 24:53:90 മിനിറ്റിൽ അഞ്ച് കിലോമീറ്റർ ഓട്ടം പൂർത്തിയാക്കി ഒന്നാം സ്ഥാനം നേടി. മികച്ച വേഗവും സ്ഥിരതയും പ്രകടിപ്പിച്ച ശ്വേത മത്സരത്തിൽ മുന്നിലെത്തി സ്വർണം ഉറപ്പിച്ചു.

തൊട്ടുപിന്നാലെ മികച്ച പ്രകടനവുമായി എത്തിയ അതേ യൂണിറ്റിലെ വാജിത 26:18:80 മിനിറ്റിൽ ഫിനിഷ് ചെയ്ത് രണ്ടാം സ്ഥാനവും സ്വന്തമാക്കി. ഇതോടെ വനിതാ 5000 മീറ്ററിലെ സ്വർണവും വെള്ളിയും വനിതാ ബറ്റാലിയന്റെ പേരിലായി.

കണ്ണൂർ സിറ്റിയുടെ ശ്രുതി എൻ. 30:56:60 മിനിറ്റിൽ ഫിനിഷ് ചെയ്ത് മൂന്നാം സ്ഥാനം കരസ്ഥമാക്കി.

## സംസ്ഥാന പോലീസ് കായിക മേളയിൽ വരവറിയിച്ച് ഇന്ത്യ റിസർവ് ബറ്റാലിയൻ വനിതാ വിഭാഗം; ഷോട്ട്പുട്ടിൽ ആശയ്ക്ക് സ്വർണം

47-ാംമത് കേരള പോലീസ് അത്‌ലറ്റിക്സ് & ഗെയിംസിലെ വനിതാ വിഭാഗം  ഷോട്ട്പുട്ടിൽ ഇന്ത്യ റിസർവ് ബറ്റാലിയൻ, ശ്രദ്ധേയമായ നേട്ടം സ്വന്തമാക്കി. ഇന്ത്യ റിസർവ് ബറ്റാലിയൻ താരം ആശാ അബ്രഹാം 8.17 മീറ്റർ എറിഞ്ഞ് ഒന്നാം സ്ഥാനം നേടിയപ്പോൾ, അതേ യൂണിറ്റിലെ അഞ്ജു മോൾ 7.50 മീറ്റർ പ്രകടനത്തോടെ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

ബാസ്കറ്റ്ബോൾ താരമായ ആശ, പരിചിതമായ കോർട്ടിൽ നിന്ന് വ്യത്യസ്തമായ ഷോട്ട്പുട്ട് വേദിയിലും തന്റെ കായികമികവ് തെളിയിച്ചാണ് സ്വർണം സ്വന്തമാക്കിയത്. ശക്തിയും ഏകാഗ്രതയും ഒരുമിച്ചുചേർന്ന പ്രകടനത്തിലൂടെ 8.17 മീറ്റർ ദൂരം കണ്ടെത്തിയാണ് ആശ ഒന്നാം സ്ഥാനത്തെത്തിയത്.

വനിതാ ബറ്റാലിയനിലെ അഞ്ജു ശ്രീനിവാസൻ എസ് 7.94 മീറ്റർ എറിഞ്ഞ് രണ്ടാം സ്ഥാനം നേടി. തുടർന്ന് ഇന്ത്യ റിസർവ് ബറ്റാലിയനിലെ അഞ്ജു മോൾ 7.50 മീറ്റർ പ്രകടനത്തോടെ മൂന്നാം സ്ഥാനവും സ്വന്തമാക്കി.

ഇതോടെ വനിതാ വിഭാഗത്തിന്റെ ആദ്യ മത്സരത്തിൽ തന്നെ സ്വർണവും വെങ്കലവും ഇന്ത്യ റിസർവ് ബറ്റാലിയന്റെ പേരിലായത് സേനയുടെ ആത്മവിശ്വാസം വർദ്ധിപ്പിച്ചു. ഒരേ യൂണിറ്റിലെ രണ്ട് താരങ്ങൾ പോഡിയത്തിൽ ഇടം നേടിയതും അരങ്ങേറ്റത്തെ കൂടുതൽ ശ്രദ്ധേയമാക്കി.

## റെക്കോർഡിനരികെ രമ്യയുടെ സ്വർണച്ചാട്ടം; 5.21 മീറ്ററിൽ എം.എസ്.പി യുടെ കുതിപ്പ്

47-ാംമത് കേരള പൊലീസ് അത്‌ലറ്റിക്സ് & ഗെയിംസിലെ വനിതാ ലോങ് ജംബിൽ മലബാർ സ്പെഷ്യൽ പൊലീസ് താരം രമ്യ രാജൻ സ്വർണം നേടി. 5.21 മീറ്റർ ദൂരം പിന്നിട്ടാണ് രമ്യ ഒന്നാം സ്ഥാനം സ്വന്തമാക്കിയത്. മത്സരത്തിലെ മികച്ച ചാട്ടം കാഴ്ചവെച്ച രമ്യ, 5.60 മീറ്റർ എന്ന മെഡൽ റെക്കോർഡിന് 39 സെന്റിമീറ്റർ മാത്രം പിന്നിലായിരുന്നു. നിർണായകമായ നിമിഷത്തിൽ കുതിപ്പിന്റെ കരുത്ത് പൂർണമായി പ്രയോജനപ്പെടുത്തി നടത്തിയ രമ്യയുടെ ചാട്ടമാണ് സ്വർണത്തിലേക്ക് വഴിതുറന്നത്. റെക്കോർഡ് മറികടക്കാനായില്ലെങ്കിലും റെക്കോർഡിനോട് അടുത്ത പ്രകടനത്തോടെ വനിതാ ലോങ് ജമ്പ് വേദിയിൽ ശ്രദ്ധേയ സാന്നിധ്യമായി മാറുകയായിരുന്നു എം.എസ്.പി താരം.

കേരള ആംഡ് വുമൻ പൊലീസ് ബറ്റാലിയൻ താരങ്ങളാണ് വെള്ളിയും വെങ്കലവും സ്വന്തമാക്കിയത്. പാർവതി ടി. ജെ. 4.07 മീറ്റർ പിന്നിട്ട് രണ്ടാം സ്ഥാനത്തെത്തിയപ്പോൾ ദേവിക ശങ്കരൻ 4.03 മീറ്ററുമായി മൂന്നാം സ്ഥാനം നേടി.

**6.88 മീറ്റർ ദൂരം, സ്വർണനേട്ടം; ലോങ് ജമ്പിൽ സിറാജുദ്ദീൻ ഒന്നാമത്**

47-ാംമത് കേരള പൊലീസ് അത്‌ലറ്റിക്സ് & ഗെയിംസിലെ പുരുഷന്മാരുടെ ലോങ് ജംമ്പിൽ മലബാർ സ്പെഷ്യൽ പൊലീസ് താരം സിറാജുദ്ദീൻ സ്വർണം നേടി. 6.88 മീറ്റർ ദൂരം പിന്നിട്ടാണ് സിറാജുദ്ദീൻ മികച്ച പ്രകടനത്തോടെ ഒന്നാം സ്ഥാനം സ്വന്തമാക്കിയത്.

കുതിപ്പിന്റെ വേഗവും ടേക്ക് ഓഫിലെ കൃത്യതയും സമന്വയിപ്പിച്ച സിറാജുദ്ദീന്റെ ചാട്ടം മത്സരത്തിൽ നിർണായകമായി. മികച്ച ദൂരം കണ്ടെത്തിയതോടെ പുരുഷ ലോങ് ജമ്പിൽ എം.എസ്.പിയുടെ പേരിൽ സ്വർണനേട്ടം കുറിക്കുകയായിരുന്നു.

കേരള ആംഡ് പൊലീസ് ഒന്നാം ബറ്റാലിയൻ താരം ബിബിൻ ഡി. ബി. 6.25 മീറ്റർ ചാടി വെള്ളിയും ഇന്ത്യ റിസർവ് ബറ്റാലിയൻ താരം മുഹമ്മദ് ദിൻഷാദ് കെ. 6.18 മീറ്റർ പിന്നിട്ട് വെങ്കലവും നേടി.

**ലഹരിക്കെതിരെ കരുത്ത്; ഷോട്ട്പുട്ടിൽ**

**നാർക്കോട്ടിക് വിങ് താരത്തിന് നേട്ടം**

47-ാംമത് കേരള പൊലീസ് അത്‌ലറ്റിക്സ് & ഗെയിംസിലെ പുരുഷ വിഭാഗം ഷോട്ട്പുട്ട് മത്സരത്തിൽ കണ്ണൂർ സിറ്റി പോലീസ്, DANSAF (ഡിസ്ട്രിക്റ്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ

ഫോഴ്സ് ) താരം അബ്ദുൽ നിഷാദ് സ്വർണം നേടി. 11. 24 മീറ്റർ ദൂരം കണ്ടെത്തിയാണ് നിഷാദ് മികച്ച പ്രകടനത്തോടെ ഒന്നാം സ്ഥാനം സ്വന്തമാക്കിയത്.

കൃത്യതയും കരുത്തും സമന്വയിപ്പിച്ച പ്രകടനത്തിൽ മികച്ച വിജയം കണ്ടെത്തിയതോടെ, പുരുഷ വിഭാഗം ഷോട്ട്പുട്ട് ഇനത്തിൽ കണ്ണൂർ സിറ്റി പോലീസ്, ഡാൻസഫിന് വേണ്ടി സ്വർണനേട്ടം സമ്മാനിക്കുകയായിരുന്നു നിഷാദ്. നാഷണൽ മാസ്റ്റേഴ്സ് മത്സരങ്ങളിൽ ഷോട്ട്പുട്ട്, ഡിസ്കസ് ത്രോ എന്നിവയ്ക്ക് രണ്ട് തവണ സ്വർണവും വെള്ളിയും നേടിയിട്ടുണ്ട്.

റെയിൽവേ പൊലീസ് താരം നിപുൺ എം 10. 76 മീറ്റർ വെള്ളിയും പാലക്കാട് താരം കൃഷ്ണ ദാസ്. 7.70 മീറ്റർ വെങ്കലവും നേടി.

**<u>ഉയരം മാറി, ചരിത്രം പിറന്നു; ആതിരയ്ക്ക് റെക്കോർഡ് നേട്ടം</u>**

വർഷങ്ങളായി നിലനിന്ന റെക്കോർഡിനെ മറികടന്ന് ആതിര സോമരാജ്. 47-ാംമത് കേരള പൊലീസ് അത്‌ലറ്റിക്സ് & ഗെയിംസിലെ വനിതാ ഹൈജംമ്പിൽ കേരള ആംഡ് പൊലീസ് അഞ്ചാം ബറ്റാലിയൻ (KAP5) താരം ആതിര സോമരാജ് 1.70 മീറ്റർ ഉയരം കീഴടക്കി സ്വർണത്തിനൊപ്പം പുതിയ റെക്കോർഡും സ്വന്തമാക്കി.

2011ൽ KAP1ന്റെ ടിന്റു എൻ. ഡി. സ്ഥാപിച്ച 1.66 മീറ്റർ റെക്കോർഡാണ് ആതിരയുടെ 1.70 മീറ്റർ ചാട്ടത്തോടെ പഴങ്കഥയായത്. 15 വർഷമായി നിലനിന്ന റെക്കോർഡ് 4 സെന്റിമീറ്റർ മെച്ചപ്പെടുത്തിയാണ് ആതിര പുതിയ ഉയരം കുറിച്ചത്.

മത്സരവേദിയിൽ നിർണായകമായ ഉയരങ്ങൾ ഓരോന്നായി മറികടന്ന ആതിര, 1.70 മീറ്ററിൽ എത്തിയപ്പോൾ റെക്കോർഡ് സ്വന്തം പേരിലാക്കുകയായിരുന്നു. സ്വർണനേട്ടത്തേക്കാൾ തിളക്കമേറിയത് വർഷങ്ങളായി നിലനിന്ന റെക്കോർഡ് തിരുത്തിയ പ്രകടനമായിരുന്നു.

KAWPBN (കേരള ആംഡ് വിമൻ പൊലീസ് ബറ്റാലിയൻ) താരങ്ങളാണ് രണ്ടും മൂന്നും സ്ഥാനങ്ങളിൽ എത്തിയത്. ദേവിക ശങ്കരൻ 1.23 മീറ്റർ മറികടന്ന് വെള്ളിയും മുഹമ്മദ് സോണി കെ. 1.20 മീറ്ററിൽ വെങ്കലവും നേടി.

**<u>പ്രായത്തെ പിന്നിലാക്കി വേഗം; സീനിയർ 100 മീറ്ററിൽ സിനിമോൾ കെ. സി. ജേതാവ്</u>**

പ്രായം കായികമികവിന് അതിരല്ലെന്ന് തെളിയിച്ച് 47-ാംമത് കേരള പൊലീസ് അത്‌ലറ്റിക്സ് & ഗെയിംസിലെ വനിതാ സീനിയർ വിഭാഗം (40-50 വയസ്) 100 മീറ്റർ മത്സരത്തിൽ മലപ്പുറത്തെ സിനിമോൾ കെ. സി. ഒന്നാം സ്ഥാനം നേടി.

Women Self defense പദ്ധതിലെ പരിശീലനത്തിലൂടെ നിരവധി വനിതകൾക്ക് കരുത്തും ആത്മവിശ്വാസവും പകരുന്ന സീനിമോൾ, ഇത്തവണ അതേ കരുത്തുമായാണ് മത്സര ട്രാക്കിലിറങ്ങിയത്.

16:148 സെക്കന്റിൽ 100 മീറ്റർ പൂർത്തിയാക്കിയാണ് സിനിമോൾ ട്രാക്കിലെ വേഗമേറിയ താരമായി മാറിയത്. തുടക്കം മുതൽ മികച്ച താളം നിലനിർത്തിയ സിനിമോൾ ഫിനിഷിംഗ് ലൈനിൽ ഒന്നാമതെത്തി സ്വർണം സ്വന്തമാക്കി.

സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ചിലെ(SSB) ആശ ചന്ദ്രൻ എൻ. 17:438 സെക്കന്റിൽ രണ്ടാം സ്ഥാനവും പാലക്കാട്ടെ ആഗ്നസ് പി. 17:548

സെക്കന്റിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. പ്രായം കൂടുന്തോറും കായികശേഷി പിന്നിലാകണമെന്ന ധാരണയ്ക്ക് മറുപടിയായി, അനുഭവവും ആത്മവിശ്വാസവും വേഗവും ഒരുമിച്ചുചേർന്ന മത്സരമായിരുന്നു വനിതാ സീനിയർ 100 മീറ്റർ.

**<u>പ്രായത്തെ തോൽപിച്ച് മനക്കരുത്ത്; സീനിയർ ഷോട്ട്പുട്ട് ബിജി കെ പി. ജേതാവ്</u>**

പ്രായം കായികമികവിന് അതിരല്ലെന്ന് തെളിയിച്ച് 47-ാംമത് കേരള പൊലീസ് അത്‌ലറ്റിക്സ് & ഗെയിംസിലെ വനിതാ സീനിയർ വിഭാഗം (40-50 വയസ്) ഷോട്ട്പുട്ട് മത്സരത്തിൽ ബിജി കെ. പി. ഒന്നാം സ്ഥാനം നേടി.

6.92 മീറ്റർ ദൂരം കണ്ടെത്തിയാണ് ബിജി കെ പി. തിരുവനന്തപുരം യൂണിവേഴ്സിറ്റി ഗ്രൗണ്ടിൽ നടന്ന മത്സരത്തിൽ ഒന്നാമതെത്തി സ്വർണം സ്വന്തമാക്കിയത്.

സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ചിലെ(SSB) സംഗീത പി എം. 6.75 മീറ്റർ, രണ്ടാം സ്ഥാനവും തിരുവനന്തപുരം റൂറൽ താരം ബീന റാണി എൽ.എസ്. 6.65 മീറ്റർ, മൂന്നാം സ്ഥാനവും കരസ്ഥമാക്കി. പ്രായം കൂടുന്തോറും കായികശേഷി പിന്നിലാകണമെന്ന ധാരണയ്ക്ക് മറുപടിയായി, അനുഭവവും മനക്കരുത്തും ഒത്തുചേർന്ന പ്രകടനമാണ് മത്സരാർഥികൾ കാഴ്ചവെച്ചത്.

**<u>50 കഴിഞ്ഞിട്ടും വേഗത്തിന് വിരാമമില്ല;</u>**

**<u>സീനിയർ 100 മീറ്ററിൽ സതിയുടെ സ്വർണക്കുതിപ്പ്</u>**

പ്രായം പിന്നിലാക്കി ട്രാക്കിൽ വേഗത്തിന്റെ കരുത്ത് തെളിയിച്ച് കോഴിക്കോട് റൂറൽ താരം സതി. 47-ാംമത് കേരള പൊലീസ്

അത്‌ലറ്റിക്സ് & ഗെയിംസിലെ വനിതാ സീനിയർ 100 മീറ്ററിൽ സതി 16:476 സെക്കൻഡിൽ ഫിനിഷ് ചെയ്ത് സ്വർണം നേടി.

സ്റ്റാർട്ടിൽ നിന്ന് ഫിനിഷിംഗ് ലൈനിലേക്കുള്ള ഓരോ നിമിഷവും ആവേശകരമാക്കിയ സതി, പരിചയസമ്പത്തും ആത്മവിശ്വാസവും വേഗവുമായി കൂട്ടിച്ചേർത്താണ് ഒന്നാം സ്ഥാനത്തെത്തിയത്. 50 പിന്നിട്ടാലും കായികമികവിന് പ്രായപരിധിയില്ലെന്ന സന്ദേശമാണ് സതിയുടെ പ്രകടനം നൽകിയത്.

പത്തനംതിട്ട താരം മഞ്ജുമോൾ 16:771 സെക്കൻഡിൽ ഫിനിഷ് ചെയ്ത് വെള്ളിയും ടഇഞആ (സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ) താരം ഫെമിന ജെ. 19:448 സെക്കൻഡിൽ ഫിനിഷ് ചെയ്ത് വെങ്കലവും സ്വന്തമാക്കി.

## 0.17 സെക്കൻഡിൽ റെക്കോർഡ് വഴുതി; അർജുന് സ്വർണക്കുതിപ്പ്

റെക്കോർഡ് മറികടക്കുന്നതിന്റെ തൊട്ടരികിലെത്തി അർജുന്റെ സ്വർണക്കുതിപ്പ്. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ നടന്ന 47-ാംമത് കേരള പൊലീസ് അത്‌ലറ്റിക്സ് & ഗെയിംസിലെ പുരുഷന്മാരുടെ 400 മീറ്റർ ഹർഡിൽസിൽ മലബാർ സ്പെഷ്യൽ പൊലീസ് (MSP) താരം അർജുൻ കെ. 53.97 സെക്കൻഡിൽ ഫിനിഷ് ചെയ്ത് ഒന്നാം സ്ഥാനം നേടി.

2012ൽ KAP4 താരം ദിലീപ് വേണുഗോപാൽ കുറിച്ച 53.80 സെക്കൻഡിന്റെ റെക്കോർഡാണ് അർജുന് മുന്നിലുള്ള ലക്ഷ്യമായിരുന്നത്. മികച്ച പോരാട്ടത്തിനൊടുവിൽ വെറും 0.17

സെക്കൻഡിന്റെ വ്യത്യാസത്തിൽ റെക്കോർഡ് നഷ്ടമായെങ്കിലും, സ്വർണം സ്വന്തമാക്കി അർജുൻ ട്രാക്കിലെ ശ്രദ്ധേയ താരമായി.

ഹർഡിലുകൾ ഓരോന്നായി മറികടന്ന് അവസാന ഘട്ടത്തിൽ വേഗം കൂട്ടിയ അർജുന്റെ പ്രകടനം മത്സരത്തിന് ആവേശം പകർന്നു. റെക്കോർഡ് നഷ്ടമായത് നേരിയ വ്യത്യാസത്തിലാണെങ്കിലും, വിജയസമയമായ 53.97 സെക്കൻഡ് മികച്ച പ്രകടനമായി.

IRBN താരങ്ങൾ രണ്ടും മൂന്നും സ്ഥാനങ്ങൾ സ്വന്തമാക്കി. ഷുഹൈബ് ഷാഹിർ എം. കെ. 1:03:18 സെക്കൻഡിൽ വെള്ളിയും കൃഷ്ണൻ എ. 1:04:36 സെക്കൻഡിൽ വെങ്കലവും നേടി.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

*********************